NISH

# NIDAS: 20

# Importance of Physiotherapy and Occupational therapy in children with hand functioning impairment

## FREQUENTLY ASKED QUESTIONS

1. കുട്ടികളിലെ കൈ സ്വാധീനക്കുറവ് എങ്ങനെ തിരിച്ചറിയാം ?
   - തലയ്ക്കു മുകളിൽ കൈയുയർത്തി പ്രവർത്തികൾ ചെയ്യാനുള്ള ബുദ്ധിമുട്ട്.
   - ഭാരമേറിയ വസ്തുക്കൾ കൈകാര്യം ചെയ്യാനുള്ള പ്രയാസം.
   - രണ്ടു കൈകളും ഒരുപോലെ ഉപയോഗിക്കാനുള്ള പ്രയാസം.
   - കയ്യിൽ നിന്നും തുടർച്ചയായി വസ്തുക്കൾ താഴെ വീഴുക.

   എന്നീ കാര്യങ്ങൾ കുട്ടിയിൽ കാണുകയാണെങ്കിൽ കുട്ടിയ്ക്ക് കൈ സ്വാധീനക്കുറവുള്ളതായി മനസ്സിലാക്കാം.

2. ഏത് പ്രായമുതലുള്ള കുട്ടികളിലാണ് ഇത്തരം പ്രശ്നങ്ങൾ കണ്ടു തുടങ്ങുന്നത് ? കൈകൾക്കുണ്ടാകുന്ന സ്വാധീനക്കുറവ് കണ്ടുപിടിക്കുന്നതിന് പ്രായപരിധി ഉണ്ടോ ?

ജനിച്ച് കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ സ്വാധീനക്കുറവ് മനസിലാക്കാവുന്നതാണ്. രണ്ടു കൈകളും ഒരു പോലെ ചലിപ്പിക്കാതിരിക്കുകയോ, ചലനങ്ങളിൽ അസാധാരണത്വം പ്രകടമാക്കുകയോ ചെയ്താൽ ഉടൻ തന്നെ വിദഗ്ദ സഹായം തേടേണ്ടതാണ്.

3. ഇടതുകൈ കൂടുതലായി ഉപയോഗിക്കുന്ന കുട്ടിയെ നിർബന്ധപൂർവ്വം വലതുകൈ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കേണ്ടതുണ്ടോ ?

വലതുകൈക്ക് ബലക്കുറവുവുള്ളതു കൊണ്ടാണോ, കുട്ടി ഇടതുകൈ കൂടുതലായി ഉപയോഗിക്കുന്നത് എന്ന് ഒരു വിദഗ്ദന്റെ സഹായത്തോടെ മനസിലാക്കുക. ആണെങ്കിൽ രണ്ടു കൈകളും ഒരു പോലെ ഉപയോഗിക്കാൻ കുട്ടിയെ പ്രേരിപ്പിക്കുക. അല്ലെങ്കിൽ കുട്ടി ഇടംകൈയനാണെന്നു മനസിലാക്കി കുട്ടിയെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുക.

4. മറ്റു പ്രശ്നങ്ങളൊന്നും തന്നെയില്ലാത്ത കുട്ടികൾക്കും കൈ സ്വാധീനക്കുറവുണ്ടാകാൻ സാധ്യതയുണ്ടോ ?

   ഉണ്ട്.ചിലപ്പോൾ കൈകൾ ഉപയോഗിച്ച് ശരിയായ രീതിയിൽ കളിക്കാനും മറ്റു പ്രവർത്തികളിലേർപ്പെടാനും മടികാണിക്കുന്ന കുട്ടികളിൽ കൈ സ്വാധീനക്കുറവ്

കാണാറുണ്ട്. പ്രശ്നമെന്താണെന്ന് കണ്ടുപിടിച്ച് കൃത്യമായ പ്രോത്സാഹനവും പരിശീലനവും നൽകി കുട്ടിയെ സാധാരണരീതിയിലേക്ക് കൊണ്ടുവരാം.

5. സൂക്ഷ്മ പ്രവർത്തികൾ നന്നായി ചെയ്യാൻ സാധിക്കുന്ന കുട്ടി എഴുതാൻ വിസമ്മതം കാണിക്കുന്നത് എന്തുകൊണ്ട് ?

മറ്റു പ്രവർത്തികൾ ഒരു പ്രയാസവും കൂടാതെ ചെയ്യുന്ന കുട്ടി എഴുതുവാൻ ബുദ്ധിമുട്ട് കാണിക്കുകയാണെങ്കിൽ അത് മടിയായി കണക്കാക്കാം. ഒരു വിദഗ്ദന്റെ സഹായത്തോടെ കുഞ്ഞിനു പഠനവൈകല്യം അല്ല എന്നുകൂടി ഉറപ്പാക്കുക.

6. വിദഗ്ദ സഹായം തേടേണ്ടത് എപ്പോഴൊക്കെയാണ് ?

കുട്ടിയുടെ ദൈനംദിന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയിൽ കൈ സ്വാധീനക്കുറവ് പ്രകടമാക്കുകയാണെങ്കിൽ ഉടൻ വിദഗ്ദ സഹായം തേടേണ്ടതാണ്.

7. കയ്യക്ഷരം മെച്ചപ്പെടുത്താൻ വീട്ടിൽ ചെയ്യാവുന്ന പ്രവർത്തികൾ എന്തെല്ലാം ?

കൈകൾ തലയ്ക്കു മുകളിൽ പൊക്കിയുള്ള കളികൾ, ചപ്പാത്തിമാവ് കുഴച്ച് വിവിധ ആകൃതിയിലാക്കുക, മുത്ത് കോർക്കുക എന്നീ പ്രവർത്തികൾ പരിശീലിപ്പിക്കുക വഴി സൂക്ഷ്മ പ്രവർത്തികൾ മെച്ചപ്പെടുത്തുവാനും, അതിലൂടെ കയ്യക്ഷരം നന്നാക്കാനും സാധിക്കും.

8. കൈ സ്വാധീനക്കുറവ് കൊണ്ടുള്ള പ്രശ്നങ്ങൾ കുട്ടികളിൽ കണ്ടെത്തിയാൽ എത്രനാൾ പരിശീലനം നൽകേണ്ടി വരും ?

കുട്ടിയെ പരിശോധിച്ച് അപ്പോഴത്തെ അവസ്ഥ മനസ്സിലാക്കിയതിനുശേഷം മാത്രമേ പരിശീലനത്തിന്റെ കാലാവധി തീരുമാനിക്കാൻ പറ്റുകയുള്ളൂ.

9. കുട്ടികളുടെ കൈകൾക്കുണ്ടാകുന്ന സ്വാധീനക്കുറവ് പരിശീലനത്തിലൂടെ പൂർണ്ണമായി മാറ്റിയെടുക്കാൻ സാധിക്കുമോ ?

ശരിയായ പരിശീലനത്തിലൂടെ ഈ പ്രശ്നം ഒരു പരിധിവരെ മാറ്റിയെടുക്കാൻ സാധിക്കും.

10. ഒരിക്കൽ കണ്ടുപിടിച്ച് പരിശീലനത്തിലൂടെ മാറ്റിയെടുത്താൽ വീണ്ടും വരാൻ സാധ്യതയുണ്ടോ ?

കൃത്യമായ പുന:പരിശോധനയും പരിശീലനവും ഇല്ലെങ്കിൽ സ്വാധീനക്കുറവ് വീണ്ടും വരാൻ സാധ്യതയുണ്ട്.

11. കുട്ടികളിൽ ഉണ്ടാകുന്ന കൈ സ്വാധീനക്കുറവ് അവരുടെ പഠനത്തെ ബാധിക്കുമോ ?

തീർച്ചയായും. പഠനവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കെല്ലാം തന്നെ കൈസ്വാധീനം വളരെ അത്യാവശ്യാമാണ്. ( ഉദാ: ബാഗ് തുറക്കുക/അടയ്ക്കുക, പേന പിടിക്കുക, പേജ് മറിക്കുക). അതിനാൽ കൈ സ്വാധീനക്കുറവ് പഠനത്തെ പ്രതികൂലമായി ബാധിയ്ക്കാം.

12. കൈ സ്വാധീനക്കുറവ് കൊണ്ട് പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് സ്കൂളിൽ ഏതെങ്കിലും തരത്തിലുള്ള പരിഗണന ലഭിക്കുമോ ?

ഗുരുതരമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് സ്കൂളിൽ പ്രത്യേകം പരിഗണന കൊടുക്കേണ്ടതാണ്. എഴുതുവാനുള്ള സമയം കൂട്ടിക്കൊടുക്കുക. ശരിയായ രീതിയിൽ ഇരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. വിദഗ്ദരുടെ നിർദ്ദേശത്തോടെ എഴുത്ത് അനായാസമാക്കാനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക.

13. കൈസ്വാധീനക്കുറവ് പാരമ്പര്യമായി ഉണ്ടാകുന്ന പ്രശ്നമാണോ ?

സാധാരണയായി കൈ സ്വാധീനക്കുറവ് പാരമ്പര്യരോഗമല്ല. എന്നാൽ ചില ജനിതക രോഗങ്ങൾ മുഖേന കൈകൾക്ക് ബലഹീനത ഉണ്ടാകാവുന്നതാണ്.

## കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ


1. **മിസ്. ഷൈനി എം. റ്റി**

   ഫിസിയോ തെറാപ്പിസ്റ്റ്, നിഷ് 0471-3066649

2. **മിസ്. നീതു. തമ്പി**

   ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, നിഷ് 0471-3066649

3. **മിസ്. രജിത എൽ**

   സോഷ്യൽ വർക്കർ

   നിഷ്, തിരുവനന്തപുരം. 0471-3066638